**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1042** **27-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് 19 കാരണം പ്രതിസന്ധിയിലായ കർഷകർക്കായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19 ന്റെ വ്യാപനവും വിലയിടിവും കാരണം പ്രതിസന്ധിയിലായ കർഷകരെ രക്ഷിക്കാനും വിളകൾ സംരക്ഷിക്കാനും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | (എ) | കോവിഡ് മഹാമാരി കാരണം നഷ്ടം സംഭവിച്ച കർഷകരെ സഹായിക്കുന്നതിന് വേണ്ടി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെയും വി.എഫ്.പി.സി.കെ യുടെയും ഹോർട്ടികോർപ്പിന്റെയും സമയബന്ധിതമായ ഇടപെടലുകൾ കാരണം കർഷകർക്ക് സംഭവിച്ച നഷ്ടങ്ങൾ ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു: 1. കർഷകരെ സഹായിക്കുന്നതിനായി 'ഫാർമർ റീറ്റെയ്ൽ ഔട്ട്ലെറ്റ്'കൾ എല്ലാ പഞ്ചായത്തിലും, മുനിസിപ്പാലിറ്റികളിലും കോർപറേഷനുകളിലും ആരംഭിച്ചു. ആയതിലൂടെ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ആ പ്രദേശത്തിലെ ഉപഭോക്താക്കൾക്ക് വിറ്റഴിക്കുവാൻ സാധിച്ചു. 2. സർക്കാർ ഏജൻസികളായ വി.എഫ്.പി.സി.കെ, ഹോർട്ടികോർപ് എന്നിവയിലൂടെ ഓൺലൈൻ മുഖാന്തിരം മാമ്പഴം, കൈതച്ചക്ക, പപ്പായ, വാഴപ്പഴം, പച്ചക്കറി എന്നിവയുടെ നേരിട്ടുള്ള വിൽപ്പന നടത്തുവാൻ സാധിച്ചു. കൂടാതെ മിച്ചം വന്ന ഉല്പന്നങ്ങളുടെ അന്തർ ജില്ലാ വില്പനയും നടത്തുവാൻ സാധിച്ചു. 3. കൃഷി വകുപ്പ് മുഖാന്തിരം പാലക്കാട്, കുട്ടനാട്, കോൾ മേഖലകളിൽ 600 നെല്ല് മെതി യന്ത്രങ്ങൾ നൽകി. ആയതിലൂടെ നെൽകൃഷിയിൽ വിളവെട്ടപ്പിൽ കാലതാമസം വന്ന ബുദ്ധിമുട്ടുകൾ മറികടക്കുവാൻ സാധിച്ചു. 4. 2020 മാർച്ച് 23 മുതൽ ഏപ്രിൽ 15 വരെയുള്ള കാലയളവിൽ ഹോർട്ടികോർപ്പ് 1,200 മെടിക് ടൺ പഴങ്ങളും പച്ചക്കറികളും സംസ്ഥാത്തിനകത്തുള്ള കർഷകരിൽ നിന്നും പുറമേന്നും സംഭരിച്ചു. 5. തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലെ സ്വകാര്യ ഓൺലൈൻ ഭക്ഷ്യ വിതരണ പോർട്ടലുകളിലൂടെ ഉപഭോക്താക്കൾക്ക് പഴങ്ങളും |

| | | | |
|---|---|---|---|
| | | | പച്ചക്കറികളും ഓൺലൈൻ വിപണനം നടത്തി. 6. സംസ്ഥാനത്തൊട്ടാകെയുള്ള വിവിധ കമ്മ്യൂണിറ്റി അടുക്കളകൾ, റസിഡന്റ്സ് അസോസിയേഷൻ, ഗസ്റ്റ് വർക്കർ ക്യാമ്പുകൾ, മറ്റ് ഏജൻസികൾ എന്നിവയ്ക്ക് പഴങ്ങളും പച്ചക്കറികളും വിതരണം ചെയ്തു. 7. ഹോർട്ടികോർപിന്റെ 100 സ്വന്തം വില്പനശാലകളിലൂടെയും 200 ഫ്രാൻഞ്ചൈസ് കളിലൂടെയും പഴങ്ങളും പച്ചക്കറികളും ഉപഭോക്താക്കളിലേക്ക് എത്തിച്ചു. 8. ഭക്ഷ്യ സുരക്ഷയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നത് ലക്ഷ്യമിട്ട് 'സുഭിക്ഷ കേരളം'പദ്ധതി 2020-21 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചു. 9. കോവിഡ് -19 മഹാമാരിയുമായി ബന്ധപ്പെട്ട ലോക്ക് ഡൗൺ കാലത്തു പച്ചക്കറികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി 50 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സംസ്ഥാനത്തുടനീളം വീടുകളിൽ വിതരണം ചെയ്തു. ഇത്തരം പ്രവർത്തനങ്ങൾ തുടരുന്നതാണ്. കൂടാതെ ജില്ലാ തല സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും (100 ലക്ഷം രൂപ) ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ (112 ലക്ഷം രൂപ) വാങ്ങുന്നതിനും, കണ്ടെയ്നർ മോഡൽ വില്പനശാലകൾ ആരംഭിക്കുന്നതിനും (252 ലക്ഷം രൂപ ) വിപണന വാഹനം സജ്ജമാക്കുന്നതിന് (48 ലക്ഷം രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്, |
| (ബി) | മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപാദനത്തിനായി അഗ്രോ പാർക്കുകൾ സ്ഥാപിക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (ബി) | കേരളത്തിൽ KIIFB യുടെ ധനസഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. 1. ബനാന ഹണി പാർക്ക്, തൃശ്ശൂർ - 25.13 കോടി രൂപക്കു പദ്ധതി അംഗീകരിക്കുകയും ആദ്യ ഗഡുവായി 14.28 കോടി രൂപ പദ്ധതി നടപ്പിലാക്കുന്ന KAICO ക്കു നൽകുകയും ചെയ്തു. പദ്ധതിയുടെ സിവിൽ നിർമാണങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായി 7.15 കോടി രൂപ മെഷിനറി വാങ്ങുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നടപടികൾ പുരോഗമിക്കുന്നു. 2. കോഴിക്കോട് ജില്ലയിൽ വേങ്ങേരിയിലും കൂത്താളിയിലുമുള്ള നാളികേര അഗ്രോപാർക് സ്ഥാപിക്കുന്നതിനുള്ള DPR, KIIFB ക്ക് KAICO നൽകിയിട്ടുണ്ട്. KIIFB യുടെ അംഗീകാരം ലഭ്യമായിട്ടില്ല. 3. മുതലമടയിൽ മാംഗോ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുവാൻ നടത്തിപ്പ് ഏജൻസിയായ INKEL നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 4. ഇടുക്കിയിലെ വെജിറ്റബിൾ അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിന്റെ സ്ഥലം കണ്ടെത്തുന്നതിനും DPR തയ്യാറാക്കുന്നതിനുമുള്ള നടപടികൾ പദ്ധതി |

| | | | |
|---|---|---|---|
| | | | നടത്തിപ്പ് ഏജൻസിയായ VFPCK സ്വീകരിച്ചുവരുന്നു. |
| (സി) | ഇതിന് വേണ്ടി പ്രീ - ഫീസിബിലിറ്റി പഠനം നടത്താൻ നാബ്കോൺസിനെ (NABCONS) ഏൽപ്പിച്ചിരുന്നോ; ഇതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | ഇതിന് വേണ്ടി പ്രീ - ഫീസിബിലിറ്റി പഠനം നടത്താൻ നാബ്കോൺസിനെ (NABCONS) ഏല്പിക്കുകയും അതനുസരിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ